

TUESDAY 06/06/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor: SINDHU.K.S** **Editor: Dr. Binu Harriet Ivan**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/06/2025

1. സംസ്ഥാനത്തെ എല്ലാ പശുക്കളെയും ഇൻഷുർ ചെയ്യുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഇൻഷുറൻസ് പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ ഒരുങ്ങുകയാണെന്ന് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പു മന്ത്രി ജെ. ചിഞ്ചുറാണി. ലോക ക്ഷീര ദിനാചരണത്തിന്റെയും അന്താരാഷ്ട്ര സഹകരണ വർഷാചാരണത്തിൻ്റെയും സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. മൃഗചികിത്സാസേവനം ഉറപ്പുവരുത്തുന്നതിനായി എല്ലാ ബ്ലോക്ക് പഞ്ചായത്തിലും വാഹനം കൊടുക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. മൊബൈൽ സർജറി യൂണിറ്റുകൾ. വെറ്ററിനറി ആംബുലൻസുകൾ എന്നിവ എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും ലഭ്യമാക്കുന്നു. 1962 എന്ന ഹെൽപ് ലൈൻ നമ്പറിൽ വിളിച്ചാൽ വെറ്ററിനറി ഡോക്ടറുടെ സേവനവും വാഹനവും മരുന്നും ക്ഷീരകർഷകർക്ക് ലഭ്യമാകുന്ന സ്ഥിതിയുണ്ടെന്നും മന്ത്രി പറഞ്ഞു.

2. ദേശീയ കർഷക രജിസ്ട്രി -കേന്ദ്ര സർക്കാർ ആവിഷ്കരിച്ച അഗ്രി സ്റ്റാക്ക് സംവിധാനത്തിൻ്റെ പിന്തുണയോടെ നടപ്പിലാക്കുന്ന കർഷകരുടെയും കൃഷി ഭൂമിയുടെയും ഏകീകൃത രജിസ്ട്രേഷൻ സംവിധാനം. രജിസ്റ്റർ ചെയ്ത കർഷകർക്ക് ആധാർ അധിഷ്ഠിത യൂണിഫൈഡ് ഫാർമർ സർവീസ് ഇൻ്റർഫേസ് (UFSI) സംവിധാനത്തിൽ ദേശീയ അംഗീകാരമുള്ള യുണീക്ക് ഐ.ഡി.കാർഡ് ലഭ്യമാക്കും. പി.എം. കിസാൻ ഗുണഭോക്താക്കളായ മുഴുവൻ കർഷകർക്കും തുടർന്ന് ആനുകൂല്യം ലഭിക്കുന്നതിന് രജിസ്ട്രേഷൻ നിർബന്ധമാണ്. കർഷകർക്ക് അടുത്തുള്ള കൃഷി ഭവൻ സന്ദർശിച്ച് രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാവുന്നതാണ്. രജിസ്റ്റർ ചെയ്യുവാനുള്ള അവസാന തീയതി 31.07.2025. കൂടുതൽ വിവരങ്ങൾക്ക് ടോൾ ഫ്രീ നമ്പർ 1800-425-1661

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

3. തിരുവനന്തപുരം ജില്ലയിലെ പാളയം സാഫല്യം കോംപ്ലക്സിലെ കോർപ്പറേഷൻ കൃഷിഭവനിൽ WCT ഇനത്തിൽപ്പെട്ട തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. ആവശ്യക്കാർ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു.

4. കേരള കാർഷിക സർവകലാശാലയുടെ പിലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ജൂൺ രണ്ട് മുതൽ എല്ലാ പ്രവൃത്തി ദിനങ്ങളിലും സങ്കരയിനം (ടി എക്സ് ഡി) തെങ്ങിൻ തൈകൾ വിതരണം ചെയ്യും. സമയം: രാവിലെ 9.30 മുതൽ വൈകീട്ട് നാല് വരെ. തെങ്ങിൻ തൈ ഒന്നിന് 325 രൂപ. ഫോൺ: 046722606328547891632.

5. ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിലെ തഴക്കര പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ജില്ലാ കൃഷിത്തോട്ടത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ 48 മരങ്ങൾ മുറിച്ച് മാറ്റി വിൽക്കുന്നതിനായി പരസ്യമായി ലേലം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ 0479-2357690,9383470691, E-mail:noorekkar@gmail.com

6. വെള്ളായണി കാർഷിക കോളേജിലെ മോളിക്യുലാർ ബയോളജി & ബയോടെക്നോളജി വിഭാഗത്തിൽ ബയോ ഇൻഫർമാറ്റിക്സ് വിഷയം കൈകാര്യം ചെയ്യുന്നതിനായി ഒരു അസിസ്റ്റന്റ് പ്രൊഫസറിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് വാക്ക്-ഇൻ- ഇന്റർവ്യൂ നടത്തുന്നു. പ്രതിമാസം പരമാവധി വേതനം 44,100/- രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കോ, സ്ഥിരനിയമനം നടത്തുന്നതുവരെയോ ഉള്ള കാലയളവിലേക്കാണ് നിയമനം. ബയോ ഇൻഫർമാറ്റിക്സ്-ൽ ബിരുദാനന്തര ബിരുദവും, പി.എച്ച്.ഡി/നെറ്റ്

യോഗ്യതയും ഉള്ള ഉദ്യോഗാർത്ഥികൾ, വിദ്യാഭ്യാസയോഗ്യത, പ്രവർത്തി പരിചയം എന്നിവയുടെ അസ്സൽ സർട്ടിഫിക്കറ്റുകളും, അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം തിരുവനന്തപുരത്തുള്ള വെള്ളായണി കാർഷിക കോളേജ്, ഡീൻ ഓഫ് ഫാക്കൽറ്റിയുടെ ഓഫീസിൽ 17/06/2025-ന് രാവിലെ 09.30 മണിക്ക് ഹാജരാകേണ്ടതാണ്. നെറ്റ് യോഗ്യതയുള്ളവരുടെ അഭാവത്തിൽ നെറ്റ് യോഗ്യതയില്ലാത്തവരെയും പരിഗണിക്കുന്നതാണ്. വിശദാംശങ്ങൾ www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**7. കാർഷിക മൃഗസംരക്ഷണ നിർദേശം**

പച്ചക്കറി -പച്ചക്കറികൾക്ക് ശരിയായ നീർവാർച്ച സൗകര്യം ഒരുക്കണം. പന്തലുകളിൽ വളർത്തുന്ന പച്ചക്കറികൾക്ക് ആവശ്യമെങ്കിൽ താങ്ങുകാൽ കൊടുക്കുക.

മാണം അഴുകൽ - മഴക്കാലത്ത് വാഴയിൽ മാണ അഴുകൽ രോഗം ഉണ്ടാകാൻ സാധ്യതയുണ്ട്. ശരിയായ നീർവാർച്ച സൗകര്യം ഉറപ്പാക്കണം. മുൻകരുതൽ എന്ന നിലയിൽ, മൂന്ന് ലിറ്റർ സ്യൂഡോമോണാസ് ലായനി (ഒരു ലിറ്റർ വെള്ളത്തിൽ 20 ഗ്രാം) ഉപയോഗിച്ച് തടത്തിൽ ഒഴിച്ചു കൊടുക്കാവുന്നതാണ്

മൃഗസംരക്ഷണം - കുളമ്പു ചീയൽ കുളമ്പിനുണ്ടാകുന്ന ക്ഷതങ്ങൾ എന്നിവ ഒഴിവാക്കുന്നതിനായി വെള്ളക്കെട്ടുകളിൽ മേയാൻ വിടാതിരിക്കുക. കന്നുകാലി തൊഴുത്തിന് സമീപം വെള്ളം കെട്ടിക്കിടക്കുന്നത്ഒഴിവാക്കുക. കന്നുകാലി തൊഴുത്തിൽ ശരിയായ വായുസഞ്ചാരം ഉറപ്പാക്കുക.